ഉത്തരം

(എ) കോഴിക്കോട്-ബാലുശ്ശേരി റോഡ് സംസ്ഥാന റോഡ് വികസന പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് ഉൾപ്പെടെയുള്ള റോഡുകളുടെ പാക്കേജ് പി.പി.പി./ ആന്വിറ്റി രീതിയിൽ നവീകരിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചപ്പോൾ കിട്ടിയ നിരക്കുകൾ കൂടുതലായതിനാൽ അംഗീകാരം നൽകിയിട്ടില്ല.

(സി) 2015-16 വർഷത്തിൽ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത റോഡിന് ഇതുവരെയൊന്നും വകയിരുത്തിയിട്ടില്ല.

റോഡ് വികസനം

305 (1339) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രത്തിന്റെ സാമ്പത്തിക പുരോഗതിയിൽ റോഡുവികസനം മുഖ്യപങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് റോഡുവികസനത്തിന് മുന്തിയ പരിഗണന നൽകുമോ ;

(സി) റോഡുപണിക്ക് എ.എം.ഡി. നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) റോഡുകൾ കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സ്ഥിരം സംവിധാനത്തിന്റെ കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉത്തരവാദപ്പെട്ടവരാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് റോഡു വികസനത്തിന് മുന്തിയ പരിഗണന നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചോദ്യത്തിൽ എ.എം.ഡി. എന്ന് പറഞ്ഞിരിക്കുന്നത് വ്യക്തമല്ല. എന്നാൽ പുതുക്കിയ PWD മാന്വലിൽ പണികൾക്ക് എ.എം.ഡി. (അനുവൽ മെയിന്റനൻസ് കോൺട്രാക്ട്) നിർദ്ദേശിച്ചിട്ടുണ്ട്. ഇത്, നിലവിലുള്ള പെർഫോമൻസ് ബേസ്ഡ് മെയിന്റനൻസ് കോൺട്രാക്ടിൽനിന്നും വിഭിന്നമാണ്. മാന്വൽ പ്രകാരമുള്ള എ.എം.ഡി. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നടപ്പിലാക്കി തുടങ്ങി. റോഡ്സ് വിഭാഗത്തിൽ ഇത് ഉടനെ നടപ്പിലാക്കുന്നതാണ്.

(ഡി) റോഡുകൾ കൂടുതൽ രീതിയിൽ സംരക്ഷിക്കുന്നതിന് പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തി വർഷം തോറും തുക അനുവദിക്കാറുണ്ട്. എന്നാൽ റോഡുകളുടെ പൂർണ്ണമായ പരിപാലനത്തിന് ഇത് അപര്യാപ്തമാണ്. ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വകുപ്പിൽ ഇപ്പോൾതന്നെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ, പ്രവൃത്തി ഏറ്റെടുത്ത് നടത്തിയശേഷം നിശ്ചിത കാലാവധിക്ക് ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള ഉത്തരവുകളും നടപ്പാക്കിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനവുമുണ്ട്.

ചിപ്പൻചിറ പാലം നിർമ്മാണം

306 (1340) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാമനപുരം നിയോജകമണ്ഡലത്തിലെ ചിപ്പൻചിറ പാലത്തിന്റെ നിർമ്മാണം ഏതുഘട്ടം വരെയായി എന്ന് വിശദമാക്കുമോ ?

ഉത്തരം

ചിപ്പൻചിറയിൽ നിലവിലെ ഇരുമ്പ് പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. പാലം നിർമ്മിക്കുന്ന പുഴ ഉൾപ്പെടുന്ന വനഭൂമി പ്രദേശങ്ങൾ. നിർമ്മാണ പ്രവർത്തനത്തിനായി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 590 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 25-10-2014-ൽ സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുകയുമുണ്ടായി. പ്രസ്തുത ടെണ്ടർ പ്രകാരം കരാറുകാരനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly